**1. കോഴ്സിന്റെ പേര് : ഇന്ത്യൻ ഭരണഘടനയും സ്ത്രീകളുടെ അവകാശങ്ങളും**

**ക്രെഡിറ്റുകളുടെ എണ്ണം -3**

**2. കോഴ്സ് ഓഫർ ചെയ്യുന്ന സ്കൂൾ : ചരിത്രപഠന സ്കൂൾ**

**3. ക്രമനമ്പർ**

**4.കോഴ്സിന്റെ ലെവൽ :100**

**5. അവലോകനം/ആമുഖം**

ഇന്ത്യൻ സ്ത്രീകളുടെ ഭരണഘടനാപരവും നിയമപരവുമായ അവകാശങ്ങൾ സൈദ്ധാന്തിക പ്രായോഗിക തലങ്ങൾ എന്ന ഈ മൂല്യവർദ്ധിത കോഴ്സിലൂടെ ഉദ്ദേശിക്കുന്നത്,വിദ്യാർത്ഥികൾക്ക് ഭരണഘടനാ സംവിധാനത്തെക്കുറിച്ചും ഒപ്പം പ്രത്യേകമായി സ്ത്രീകൾക്ക് വേണ്ടി ഉണ്ടാക്കിയിട്ടുള്ള നിയമനിർമ്മാണങ്ങളെ ക്കുറിച്ചും ഒരു പൊതു ബോധം സൃഷ്ടിക്കലാണ്. ഭരണഘടനാ സംബന്ധമായതോ നിയമപരമോ ആയ കാര്യങ്ങളെകുറിച്ച് ധാരണയുള്ളവർ പൊതുസമൂഹത്തിൽ ഇപ്പോഴും വിരളമാണ്.ഭരണഘടന നിർമാണത്തെക്കുറിച്ചും, അതിൽ പ്രധാനമായും തുല്യതക്കും നീതിക്കുമായി ഉറപ്പുവരുത്തുന്ന നിയമസംവിധാനങ്ങളെക്കുറിച്ചും ഈ കോഴ്സ് കൃത്യമായി അവലോകനം ചെയ്യുന്നു. സൈദ്ധാന്തികവും പ്രായോഗികവുമായ തലങ്ങളിലൂടെയാണ് ഈ കോഴ്സ് പുരോഗമിക്കുക. കൃത്യമായി കാര്യങ്ങൾ പഠിക്കുന്നതോടൊപ്പം, അതിന്റെ പ്രയോഗികതയെക്കുറിച്ച് സ്വയം മനസിലാക്കുന്നതിനും, മറ്റുള്ളവരിലേക്ക് ഇത്തരം അറിവുകൾ

പ്രചരിപ്പിക്കാനുമുള്ള വേദിയായി ഈ കോഴ്സിനെ വിഭാവനം ചെയ്തിരിക്കുന്നു.

**6. കോഴ്സ് ലക്ഷ്യങ്ങൾ**

ഈ വിഷയം ലക്ഷ്യം വെയ്ക്കുന്നത് സ്ത്രീകളുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ഭരണഘടനാപരമായ പരിഷ്ക്കാരങ്ങളും, നിയമ സംബന്ധമായ കാര്യങ്ങളെയും കുറിച്ചുള്ള ധാരണ വിദ്യാർത്ഥികളിൽ വളർത്തിഎടുക്കുക എന്നതാണ്. എങ്ങനെയാണ് നിയമവ്യവസ്ഥകൾ സ്ത്രീകൾക്ക് സമത്വവും, സംരക്ഷണവും ഉറപ്പാക്കികൊണ്ട്,അവരെ ശക്തരാക്കുന്നതെന്ന് മനസിലാക്കാനും സാധിക്കുന്നു.

**7. കോഴ്സ് ഫലപ്രാപ്തി**

1. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ലിംഗസമത്വത്തെയും, ലിംഗനീതിയേയും അപഗ്രഥിച്ചുള്ള ചിന്തകൾ വളർത്തികൊണ്ടുവരാൻ സാധിക്കുന്നു.
2. വിദ്യാർത്ഥികൾക്ക് സ്ത്രീകളുമായി ബന്ധപ്പെടുന്ന,നീതി, ക്രിമിനൽ കുറ്റങ്ങൾ,അക്രമങ്ങൾ എന്നിവയെക്കുറിച്ചുള്ള സൈദ്ധാന്തികവും പ്രായോഗികവുമായ വീക്ഷണങ്ങൾക്ക് വഴിയൊരുക്കുന്നു.
3. വിദ്യാർത്ഥികൾക്ക് ഈ വിഷയത്തെ സംബന്ധിച്ചുള്ള അവരുടെ ആശയങ്ങളെ (പോസ്റ്ററുകളിലൂടെയും സ് കിറ്റിലൂടെയും പ്രസംഗത്തിലൂടെയുമൊക്കെ) ആവിഷ് കരിക്കാൻ സാധിക്കുന്നു.

**8. കോഴ്സ് പാഠ്യപദ്ധതി**

**മൊഡ്യൂൾ -1 : ഭരണഘടനയും തുല്യതയും**

ഇന്ത്യൻ ഭരണഘടനയും ലിംഗനീതിയും - മൗലികാവകാശങ്ങൾ - അരികുവൽക്കരിക്കപ്പെട്ട സമൂഹത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കൽ [ സമത്വത്തിനുള്ള അവകാശം, ചൂഷണത്തിനെതിരെയുള്ള നിയമം, വിദ്യാഭ്യാസം നേടുന്നതിനുള്ള അവകാശം മുതലായവ ]

മൂല്യനിർണയരീതി : ഓപ്പൺ ബുക്ക് എക്സാമിനേഷൻ, എഴുത്തു പരീക്ഷ

പഠനപ്രവർത്തനങ്ങൾ : സെമിനാർ, അസൈമെന്റ്

**മൊഡ്യൂൾ -2 : സ്ത്രീകളുമായി ബന്ധപ്പെട്ട ക്രിമിനൽ നിയമങ്ങൾ**

സ്ത്രീധനനിരോധനനിയമം - ഗാർഹികപീഡന നിരോധന നിയമം - സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നത്തിനെതിരെയുള്ള നിയമം - ബലാത്സംഗത്തിനും ലൈംഗികാതിക്രമത്തിനുനെതിരെയുള്ള നിയമം - പോഷ് ആക്ട് (POSH Act).

മൂല്യനിർണയരീതി : ഓപ്പൺ ബുക്ക് എക്സാമിനേഷൻ, എഴുത്തു പരീക്ഷ

പഠനപ്രവർത്തനങ്ങൾ :സെമിനാർ, സംവാദം, ചർച്ച

**മൊഡ്യൂൾ -3 : പ്രായോഗികതലങ്ങൾ -I**

ഭരണഘടനയെ സംബന്ധിക്കുന്ന വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനായി പോസ്റ്ററുകൾ നിർമ്മിക്കുക, ലഘുപത്രികകൾ തയ്യാറാക്കുക, സ്കിറ്റുകൾ തയ്യാറാക്കി അവതരിപ്പിക്കുക.

മൂല്യനിർണയരീതി : ഓപ്പൺ ബുക്ക് എക്സാമിനേഷൻ, എഴുത്തു പരീക്ഷ

പഠനപ്രവർത്തനങ്ങൾ :പോസ്റ്റർ നിർമ്മിക്കൽ,വിഷയത്തെ അധികരിച്ചു സ്കിറ്റ് തയ്യാറാക്കൽ, ലഘുപത്രികകൾ തയ്യാറാക്കൽ

**മൊഡ്യൂൾ -4 : പ്രായോഗികതലങ്ങൾ -II**

'ഇന്ത്യയുടെ പുത്രി' (India's Daughter) എന്ന ലെസ്ലി ഉഡ്വിന്റെ ഡോക്യുമെന്ററി പ്രദർശിപ്പിക്കുകയും, നിർഭയ കൊലക്കേസും അതുമായി ബന്ധപ്പെട്ടു സ്ത്രീസുരക്ഷയിൽ വന്ന മാറ്റങ്ങൾ അപഗ്രഥിക്കുകയും സംവദിക്കുകയും ചെയ്യുക.

മൂല്യനിർണയരീതി : ഓപ്പൺ ബുക്ക് എക്സാമിനേഷൻ, എഴുത്തു പരീക്ഷ

പഠനപ്രവർത്തനങ്ങൾ : ഡോക്യുമെന്ററി പ്രദർശനം, നിർഭയ കേസിനെ തുടർന്നുണ്ടായ സ്ത്രീസംരക്ഷണനിയമത്തെ സംബന്ധിച്ചുള്ള സംവാദം, ചർച്ച, ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കൽ.

## 9. സഹായഗ്രന്ഥങ്ങൾ


1. Indian Constitutio.
2. Indian penal code.
3. Flavia Agnus, Law and Gender Inequality : The Politics Of Women's Right In India, Oxford University Press,2001.
4. Flavia Agnus, Family Law, Oxford University Press, Oxford, 2011.
5. D. D. Basu,Introduction to the Constitution Of India, KKdhwa and Company Law Publications, Nagpur,2002.
6. Cecile Febre, Justice In a Changing World,Polity Press,Cambridge, 2007.
7. R. V. Kelkar, Outline of Criminal Procedure,Eastern Book Company, Lucknow, 1990.
8. India's Daughter, (Documentary),Leslee Udwin (Based on Nirbhaya Gang Rape), Delhi, 2012.
9. Samvidhaan (Ten Part Television series Based on the Making Of Indian Constitution),Shyam benegal, 2014.